**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** | **19-09-2025 - ൽ മറുപടിയ്ക്ക്**

**ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ് പദ്ധതി ആരംഭിച്ചതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവും ഉള്ള കുട്ടികളുടെ ഒരു സംഘത്തെ വാർത്തെടുക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ 2018 ൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബ് യൂണിറ്റുകൾ ആരംഭിച്ചു. പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:<br>1. വിവരവിനിമയ സാങ്കേതികരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക.<br><br>2. സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക.<br>3. വിവരവിനിമയ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക. അവ നിർമിക്കപ്പെട്ടതിന്റെ അടിസ്ഥാന ആശയങ്ങളും അവയുടെ പ്രവർത്തനപദ്ധതിയുടെ യുക്തിയും ഘടനയും പരിചയപ്പെടുത്തുക.<br>4. വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർഥികളെ പങ്കാളികളാക്കുക.<br><br>5. വിദ്യാലയത്തിലെ സാങ്കേതികവിദ്യാധിഷ്ഠിത പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക, ഉപകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചെറിയ സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക.<br>6. സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർഥികളെ |

| | | | |
|---|---|---|---|
| | | | ബോധവാന്മാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണപരിപാടികളിൽ നേതൃപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.<br>7. ഭാഷാകമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും വിവിധ ഭാഷാകമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അവസരം അവർക്ക് ലഭ്യമാക്കുകയും ചെയ്യുക.<br>8. സംഘപഠനത്തിന്റെയുംസഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്കു പ്രദാനം ചെയ്യുക. പഠന പ്രക്രിയയിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഉത്പന്നങ്ങൾ നിർമിക്കുക, കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃപാടവവും, സഹകരണമനോഭാവവും വളർത്തുക. പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുമുള്ള അവസരം വിദ്യാർഥികൾക്ക് ലഭ്യമാക്കുക. വിവരവിനിമയ സാങ്കേതികവിദ്യയുടെ നവീന മേഖലകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കുക.<br>9. പഠന പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണ പ്രവർത്തനങ്ങൾ ചെയ്യാനുള്ള താല്പര്യം വിദ്യാർഥികളിൽ വളർത്തിയെടുക്കുക. |
| (ബി) | ഈ പദ്ധതിയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | 2264 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ ആണ് ഇപ്പോൾ നിലവിലുള്ളത്. യൂണിറ്റുകളിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. സാങ്കേതിക സഹായം ആവശ്യമുള്ള യൂണിറ്റ് ഇല്ലാത്ത ഹൈസ്കൂളുകളിൽ കൈറ്റ് പ്രത്യേക ഇടപെടൽ നടത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കി.<br>2. കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതും പ്രവേശന പരീക്ഷയിൽ 120-ലധികം അംഗങ്ങൾ യോഗ്യത നേടുകയും ചെയ്യുന്ന സ്കൂളുകളിൽ രണ്ടാമത് യൂണിറ്റ് അനുവദിച്ചു.<br>3. പത്രമാധ്യമങ്ങളിലൂടെയും വിക്ടേഴ്സ് ചാനലിലൂടെയും പ്രചാരണ പരിപാടികളും ക്ലാസുകളും നൽകുന്നു.<br>4. ഏറ്റവും നല്ല യൂണിറ്റിന് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുന്നു. |
| (സി) | ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പരിശീലനങ്ങളും ഐ. ടി. സൗകര്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് ഐ.സി.ടി. പാഠപുസ്തകത്തിലെ ഉള്ളടക്കങ്ങൾക്കുപരിയായി സാങ്കേതികവിദ്യയിൽ കൂടുതൽ മേഖലകളിൽ പ്രത്യേക പരിശീലനം, |

ക്യാമ്പുകൾ, പ്രത്യേക പാഠ്യവസ്തുക്കൾ തുടങ്ങിയവ ച്ചവടെ ചേർത്തിരിക്കുന്ന രീതിയിൽ ലഭ്യമാക്കുന്നുണ്ട്.

1. യൂണിറ്റ് തല പരിശീലനം

ഓരോ യൂണിറ്റിലുമുള്ള കൈറ്റ് മെന്ററുടെ നേതൃത്വത്തിൽ മാസത്തിൽ ഏറ്റവും കുറഞ്ഞത് 4 മണിക്കൂർ സ്കൂൾതലത്തിൽ കൈറ്റ് തയ്യാറാക്കി നൽകുന്ന മൊഡ്യൂൾ അടിസ്ഥാനമാക്കി പ്രത്യേക പരിശീലനം.

2. വിദഗ്ധരുടെ ക്ലാസ്സുകൾ

കോഴ്സ് സിലബസുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ 2 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകൾ ഓരോ യൂണിറ്റിലും ക്രമീകരിച്ചിട്ടുണ്ട്.

ഓരോ ബാച്ചിനും ഒരു അധ്യയനവർഷത്തിൽ ഇങ്ങനെ 4 ക്ലാസ്സുകളെങ്കിലും നടത്തേണ്ടതാണ്.

3. ഫീൽഡ് വിസിറ്റുകൾ/ഇന്റസ്ട്രിയൽ വിസിറ്റ്

സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഓരോ ബാച്ചിനും ഒരു ഫീൽഡ് വിസിറ്റ്/ഇന്റസ്ട്രിയൽ വിസിറ്റ് നടത്തുന്നതിന് നിർദേശിച്ചിട്ടുണ്ട്.

ക്യാമ്പുകൾ: പരിശീലനത്തിന്റെ ഭാഗമായി നാല് തലങ്ങളിൽ (യൂണിറ്റ്, വിദ്യാഭ്യാസ ഉപജില്ല, ജില്ല, സംസ്ഥാനം) ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

പാഠ്യവസ്തുക്കൾ: ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗം, പരിപാലനം, കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ, സിസ്റ്റം കോൺഫിഗറേഷൻ, പ്രൊജക്ടർ ക്രമീകരണങ്ങൾ, ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങൾ, വിക്കിപീഡിയ, സ്കൂൾ വിക്കി, ഗ്രാഫിക്, മൾട്ടി മീഡിയ സോഫ്റ്റ്‌വെയറുകളും അവയുടെ ഉത്പന്നങ്ങളും, ഓഡിയോ, വീഡിയോ റിക്കോർഡിങ്, എഡിറ്റിങ്, 2D, 3D അനിമേഷൻ സോഫ്റ്റ്‌വെയറുകൾ, ആൽബം നിർമാണം, ഡോക്യുമെന്റേഷൻ, കൈറ്റ് വിക്ടേഴ്സ് ചാനലിലേക്ക് പ്രോഗ്രാമുകൾ തയാറാക്കൽ, ചാനൽ കാണാനുള്ള അവസരമൊരുക്കൽ, പ്രചാരണപരിപാടികൾ സംഘടിപ്പിക്കൽ, കൈറ്റ് വിക്ടേഴ്സിലേക്ക് ആവശ്യമായ വാർത്തകൾ, ഡോക്യുമെന്ററികൾ തയാറാക്കൽ, കമ്പ്യൂട്ടർ പ്രോഗ്രാമിങ്, എത്തിക്കൽ ഹാക്കിങ്, സ്ക്രാച്ച്, ടർട്ടിൽ ആർട്ട് തുടങ്ങിയ ലോജിക് സോഫ്റ്റ്‌വെയറുകൾ, പ്രോഗ്രാമിങ് അടിസ്ഥാന ആശയങ്ങൾ, ഇലക്ട്രോണിക്സും അപ്ലൈഡ് കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും, അടിസ്ഥാന ഇലക്ട്രോണിക്സ് ആശയങ്ങൾ, റാസ്പ്ബെറി പൈ, ഇലക്ട്രോണിക് കിറ്റ്, തുടങ്ങിയ ഉപകരണങ്ങളുപയോഗിച്ചുള്ള അപ്ലൈഡ് ഇലക്ട്രോണിക്സ് & പ്രോഗ്രാമിങ്, റോബോട്ടിക്സ്, മൊബൈൽ ആപ്പുകളും ആപ്പ് നിർമാണ സോഫ്റ്റ്‌വെയറുകളും, മൊബൈൽ ഫോൺ സോഫ്റ്റ്‌വെയറുകൾ, ഇന്റർനെറ്റ് നൈതികതയും

| | | | |
|---|---|---|---|
| | | | സൈബർ സുരക്ഷയും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ പാഠ്യ വസ്തുക്കൾ കാലാനുസൃതമായി പുതുക്കി പരിശീലിപ്പിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി വിദ്യാർത്ഥികളുടെ ഭാവി തൊഴിൽ സാധ്യതകൾക്ക് സഹായകരമാണോ; വിശദമാക്കുമോ; | (ഡി) | നിലവിൽ ഹൈസ്കൂൾ തലം വരെയുള്ള വിദ്യാർത്ഥികൾക്കാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ എന്നതിനാൽ വിവിധ മേഖലകളിൽ പ്രത്യേക സാങ്കേതിക പരിജ്ഞാനവും പരിശീലനവും ലഭ്യമാക്കി കുട്ടികളിൽ വൈദഗ്ധ്യം ജനിപ്പിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. |
| (ഇ) | സംസ്ഥാനത്തുടനീളം പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനായി സർക്കാർ നൽകിയ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഇ) | സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് സൗകര്യം ഉള്ള മിക്ക ഹൈസ്കൂളുകളിലും നിലവിൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ കൈറ്റിന് അനുവദിക്കുന്ന പ്ലാൻ ഫണ്ട് പ്രയോജനപ്പെടുത്തിയാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സ്കൂൾ തലത്തിൽ രണ്ട് കൈറ്റ് മെന്റർമാർ (പെൺകുട്ടികൾ അംഗങ്ങളായ സ്കൂളുകളിൽ നിർബന്ധമായും ഒരു അധ്യാപിക) വിദ്യാഭ്യാസ ഉപജില്ലാതലത്തിൽ കൈറ്റ് മാസ്റ്റർ ട്രെയിനർ, ജില്ലാ തലത്തിൽ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, സംസ്ഥാനതലത്തിൽ ഇംപ്ലിമെന്റിംഗ് & മോണിറ്ററിംഗ് ടീം തുടങ്ങിയവരുടെ അക്കാദമികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ